നവീകരിച്ച ലൈബ്രറി മന്ദിരം ഉദ്ഘാടനം

നെടുമങ്ങാട്

നന്നാട്ടുകാവ് നാഷണൽ ലൈബ്രറിയുടെ നവീകരിച്ച മന്ദിരവും കോൺഫറൻസ് ഹാളും ജില്ലാ പഞ്ചായത്തംഗം കെ വി ശ്രീകാന്ത് ഉദ്ഘാടനം ചെയ്തു. വി സുരേഷ്കുമാർ അധ്യക്ഷനായി. ജി സന്തോഷ്കുമാർ, ജഗന്നാഥപിള്ള, വി ആർ ചിത്ര, എ ജി അനുജ, എൽ ഗോപാലകൃഷ്ണൻ, സുരേഷ്കുമാർ എൽ എസ്, ജി പുഷ്പരാജൻ, എസ് ആർ ലാൽ, വിഭു പിരപ്പൻകോട്, സിദ്ദിഖ് സുബൈർ എന്നിവർ സംസാരിച്ചു.

ഡിസൈൻസ് അപ്പാരൽ യൂണിറ്റ് ആരംഭിച്ചു

നെയ്യാറ്റിൻകര

പെരുങ്കടവിള പഞ്ചായത്ത് കുടുംബശ്രീ സിഡിഎസ് രജത ജൂബിലി വർഷികത്തോടനുബന്ധിച്ച് കുടുംബശ്രീ വനിതകൾക്കായി ഗ്രാൻഡ് വേൾഡ് ഡിസൈൻസ് അപ്പാരൽ യൂണിറ്റ് ആരംഭിച്ചു. പഞ്ചായത്ത് പ്രസിഡന്റ് എസ് സുരേന്ദ്രൻ ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് അംഗം എൻ ടി ഷിലകുമാരി, സചിത്ര, ഷീജ, ലേഖ തുടങ്ങിയവർ സംസാരിച്ചു.

സൗദീഷ് തമ്പിക്ക് പുരസ്കാരം

വെള്ളറട

ആനാവൂർ ഗവ. ഹയർ സെക്കൻഡറി സ്കൂളിലെ അധ്യാപകനായിരുന്ന സൗദീഷ് തമ്പിയെ നെഹ്റു യുവകേന്ദ്രയും നാഷണൽ ഫിലിം അക്കാദമിയും മികച്ച അധ്യാപക പുരസ്കാരം നൽകി ആദരിച്ചു. കോവിഡ് കാലത്ത് എസ്പിസി കേഡറ്റുകൾ വഴി വീടുകളിൽ മാസ്കുകളും സാനിറ്റൈസറും സൗജന്യമായി എത്തിച്ചതടക്കം ആയിരത്തോളം പദ്ധതികളാണ് 2018 മുതൽ സൗദീഷ് തമ്പി നടത്തിയത്. നിലവിൽ വക്കം ഗവ. വി എച്ച് എസ് എസിലെ അധ്യാപകനാണ് സൗദീഷ്.

സമീക്ഷയ്ക്ക് പുരസ്കാരം

പാറശാല

ഗ്ലോബൽ സ്കോളേഴ്സ് ഫൗണ്ടേഷന്റെ നേതൃത്വത്തിൽ ഏർപ്പെടുത്തിയ ഭാരതീയ കലാരത്ന പുരസ്കാരത്തിന് പരശുവയ്ക്കൽ കണ്ണാൻമലയിൽ സമീക്ഷ അർഹയായി. ഡോ. എൻ ശങ്കർ –ഡോ. ശ്രീജ ദമ്പതികളുടെ മകളാണ്. പാറശാല വോയ്സ് ഓഫ് ഇന്ത്യ സ്കൂൾ ഓഫ് മ്യൂസിക്കിലെ വിദ്യാർഥിനിയാണ് സമീക്ഷ. ക്ലാസിക്കൽ ഡാൻസിനാണ് പുരസ്കാരം. ഗോവയിൽ നടന്ന ചടങ്ങിൽ ഡോ. മുകേഷ് ഭദ്ര പുരസ്കാരം നൽകി ആദരിച്ചു.

പൂർവ വിദ്യാർഥി സംഗമം

നെയ്യാറ്റിൻകര

മാരായമുട്ടം ജിഎച്ച്എസ്എസ് 1979ലെ എസ്എസ്എൽസി കൂട്ടായ്മ 'നിറവ്' പൂർവാധ്യാപകൻ കെ യേശുദാസ് ഉദ്ഘാടനം ചെയ്തു. എൽ ജി അശോക് കുമാർ അധ്യക്ഷനായി. അധ്യാപകരായിരുന്ന ധർമ്മരാജ്, താണപ്പൻ നായർ, എം ജയധരൻ, വിമലാഭായി, സി ജെ മേഴ്സി ഭായി, കെ യേശുദാസ് എന്നിവരെ ആദരിച്ചു. ടി പത്മകുമാർ, ഹെൻട്രി ദേവദാസ്, ശാന്ത, പ്രഭകുമാരി, ഗീത, കെ പ്രഭകുമാർ, കെ ബി വിനയചന്ദ്രൻ തുടങ്ങിയവർ സംസാരിച്ചു.

നിർമാണ ഫണ്ട് ഏറ്റുവാങ്ങി

വെഞ്ഞാറമൂട്

സിപിഐ എം വെഞ്ഞാറമൂട് ഏരിയ കമ്മിറ്റിക്കായി നിർമിക്കുന്ന ഓഫീസിന്റെ നിർമാണ ഫണ്ട് ഏറ്റുവാങ്ങി. ഹെഡ് ലോഡ് ആൻഡ് ജനറൽ വർക്കേഴ്സ് യൂണിയൻ (സിഐടിയു) കല്ലറ യൂണിറ്റ് രൂപിച്ച 50,000 രൂപയാണ് നൽകിയത്. ഡി കെ മുരളി എംഎൽഎ ഏറ്റുവാങ്ങി. ആർ മോഹനൻ, നാസറുദീൻ, പ്രവീൺകുമാർ തുടങ്ങിയവർ പങ്കെടുത്തു.

ചാനൽ സിനിമ

ഏഷ്യാനെറ്റ്

9.00 12th മാൻ
3.00 തീർപ്പ്
11.00 കുട്ടൻപിള്ളയുടെ ശിവരാത്രി

ഏഷ്യാനെറ്റ് മൂവീസ്

7.00 കിലുക്കം
10.00 താന്തോന്നി
1.00 നരൻ
4.00 വെട്ടം
7.00 ന്നാ താൻ കേസു കൊട്
10.00 ട്വന്റി വൺ ജിഎംഎസ്

സൂര്യ

8.30 ഏകലവ്യ
2.30 ദി ഗ്രേറ്റ് ഫാദർ

സൂര്യ മൂവീസ്

7.00 ഹായ് ഐ ആം ടോണി
10.00 കൃഷ്ണ
1.00 ജോ & ദി ബോയ്
4.00 ഡാഡികൂൾ
7.00 പാവാട
10.00 കർമ്മ

അമൃത

8.00 ഗൃഹപ്രവേശം
12.30 ആദ്യത്തെ കൺമണി
3.00 അങ്കമാലി ഡയറീസ്

കർഷക തൊഴിലാളി യൂണിയൻ അഖിലേന്ത്യ വർക്കിങ് കമ്മിറ്റി അംഗം ഒ എസ് അംബിക കൺവൻഷൻ ഉദ്ഘാടനം ചെയ്യുന്നു

വനിതാ സബ് കമ്മിറ്റി
നെടുമങ്ങാട് ഏരിയ കൺവെൻഷൻ
CPI(M)

വനിതാ സബ്കമ്മിറ്റി ഏരിയ കൺവൻഷൻ

നെടുമങ്ങാട്

കർഷക തൊഴിലാളി യൂണിയൻ വനിതാ സബ്കമ്മിറ്റിയുടെ നെടുമങ്ങാട് ഏരിയ കൺവൻഷൻ നടന്നു. അഖിലേന്ത്യാ വർക്കിങ് കമ്മിറ്റി അംഗം ഒ എസ് അംബിക ഉദ്ഘാടനം ചെയ്തു. ഷിനി പുങ്കുംമൂട് അധ്യക്ഷയായി. ഒ ലളിതാംബിക റിപ്പോർട്ട് അവതരിപ്പിച്ചു.

ശ്രീകല അനിൽ, എസ് എസ് ബിജു, ഷേർലി കുമാർ, സിന്ധു പേരൂർക്കട, സി എസ് ശ്രീജ, മൂഴി രാജേഷ്, ബി സതീശൻ എന്നിവർ സംസാരിച്ചു. ഭാരവാഹികളായി ശ്രീകല അനിൽ (കൺവീനർ), എസ് നജ്മ, ഷീജ, നദീറ ബീവി (ജോയിന്റ് കൺവീനർമാർ) എന്നിവരെ തെരഞ്ഞെടുത്തു.

അവധിക്കാലം ക്രിയാത്മകമാക്കി വിതുരയിലെ കുട്ടിപ്പൊലീസ്

സ്വന്തം ലേഖകൻ

വിതുര

അവധിക്കാലം ക്രിയാത്മക പ്രവർത്തനങ്ങളിലൂടെ വേറിട്ടതാക്കി വിതുര ഗവ. വൊക്കേഷണൽ ആൻഡ് ഹയർ സെക്കൻഡറി സ്കൂളിലെ സ്റ്റുഡന്റ് പൊലീസ് കേഡറ്റുകൾ. കുട്ടികളിൽ വിവിധ കഴിവുകൾ വളർത്തുന്നതിനായി എസ്പിസി പദ്ധതിയുടെ നേതൃത്വത്തിൽ നടക്കുന്ന സ്കിൽ ഹബ് വേറിട്ട അനുഭവമായി. ബേക്കിങ്, ഫ്ലവർ ആർട്ട്, ഇൻഡോർ വാട്ടർ ഗാർഡൻ, പാചകം, വേസ്റ്റ് ബിൻ നിർമാണം തുടങ്ങിയ പരിശീലനങ്ങളിലാണ് അവധിക്കാലത്ത് കുട്ടികൾ.

വിദ്യാലയങ്ങളിൽ നാടൻ ഫല വൃക്ഷങ്ങളും ഔഷധ സസ്യങ്ങളും തയ്യാറാക്കി. അത്യപൂർവമായി കാണുന്ന ആരോഗ്യപച്ച, വയമ്പ് തുടങ്ങി പേരുൾപ്പടെയാണ് ഗാർഡൻ സജ്ജീകരിച്ചത്.

ബൊട്ടാണിക്കൽ ഗാർഡനിലെ സീനിയർ സയന്റിസ്റ്റ് മാത്യു ഡാൻ ആണ് നിർദേശം നൽകുന്നത്. പുതിയ അധ്യയന വർഷം നിർധനരായ വിദ്യാർഥികൾക്ക് പഠനസഹായം നൽകുന്നതിനും വിദ്യാർഥികൾക്ക് സൈക്കിളുകൾ വാങ്ങി നൽകുന്നതിനുമായി ധന സമാഹരണത്തിനായി പഴയ പത്രം, ആക്രി വിൽപ്പനയും അച്ചാർ ചലഞ്ച്, പായസം ചലഞ്ച് തുടങ്ങിയ പരിപാടികളും സംഘടിപ്പിച്ചു. വേനൽക്കാലത്ത് വർധിക്കുന്ന വൈദ്യുതി ഉപയോഗം കുറയ്ക്കുന്നതിനായി ഊർജ സംരക്ഷണ ക്യാമ്പയിനിലും വ്യാപൃതരാണ് ഇവർ.

യുവാവിനെ ടിപ്പറിടിച്ച് കൊന്ന കേസിൽ ജാമ്യാപേക്ഷ തള്ളി

സ്വന്തം ലേഖകൻ

തിരുവനന്തപുരം

യുവാവിനെ ടിപ്പറിടിച്ച് കൊലപ്പെടുത്തിയ കേസിലെ ഒന്നാം പ്രതിയുടെ ജാമ്യാപേക്ഷ കോടതി തള്ളി. കീഴാറൂർ കൊല്ലംകാല ശ്യാം നിവാസിൽ ശരത്‌ലാലിന്റെ ജാമ്യാപേക്ഷയാണ് അഡീഷണൽ ജില്ലാ സെഷൻസ് ജഡ്ജി കെ വിഷ്ണു തള്ളിയത്. പെരുങ്കടവിള തോട്ടവാരം കുഴിവിള മേലെ പുത്തൻവീട്ടിൽ രഞ്ജിത് ആർ രാജിനെയാണ് പ്രതി തന്റെ സഹോദരന്റെ ടിപ്പറിടിപ്പിച്ച് കൊലപ്പെടുത്തിയത്. ബുള്ളറ്റിൽ രഞ്ജിത് വരുന്നതറിഞ്ഞ് പുനയൽകോണത്ത് കാത്തുനിന്നാണ് വണ്ടിയിടിപ്പിച്ചത്.

കൊലപാതകം ഒരു സാധാരണ വാഹനാപകട കേസായി മാറ്റാനായിരുന്നു പ്രതികളുടെ ശ്രമം. 2015ൽ കോൺഗ്രസ് പ്രവർത്തകനായ വടകര ജോസിനെ കുത്തി കൊലപ്പെടുത്തിയ കേസിലെ പ്രതിയാണ് കൊല്ലപ്പെട്ട രഞ്ജിത്. ആനാവൂരിലെ ഡെൽറ്റ കമ്പനിയിൽനിന്ന് ലോഡ് എടുക്കുന്നത് സംബന്ധിച്ച് കൊല്ലപ്പെട്ട രഞ്ജിത്തും ശരത്‌ലാലുമായി സംഘർഷങ്ങൾ ഉണ്ടായിട്ടുണ്ട്. പ്രോസിക്യൂഷനുവേണ്ടി എം സലാഹുദ്ദീൻ ഹാജരായി.

ലിറ്ററേച്ചർ ഫെസ്റ്റ്

പാലോട്

യുവധാര ലിറ്ററേച്ചർ ഫെസ്റ്റിന്റെ വിതുര ബ്ലോക്കുതല മത്സരങ്ങൾ കവി ചായം ധർമരാജൻ ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് പ്രസിഡന്റ് എസ് ബി അരുൺ, രഞ്ജു പനക്കോട്, വി ജെ ശ്രീഹരി, വി കെ അരുൺ, ആർ ഐ നിതിൻ തുടങ്ങിയവർ സംസാരിച്ചു.

വേനലവധി ക്യാമ്പ്

നെടുമങ്ങാട്

ഉണ്ടപ്പാറ പൗരസമിതി ഗ്രന്ഥശാലയുടെ വേനൽക്കാല ക്യാമ്പ് വേനൽക്കൂടാരം ശനി, ഞായർ ദിവസങ്ങളിലായി നടക്കും. ശനിയാഴ്ച രാവിലെ പത്തിന് ആനാട് പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ അശ്വതി രഞ്ജിത് ഉദ്ഘാടനം ചെയ്യും.

വോളിബോൾ ലീഗ്

ആര്യനാട്

ചക്രപാണിപുരം സംഗമം ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബിന്റെ 44–ാം വാർഷികാഘോഷത്തിന്റെ ഭാഗമായി വോളിബോൾ ലീഗ് സംഘടിപ്പിച്ചു. ഉഴമലയ്ക്കൽ പഞ്ചായത്ത് വൈസ് പ്രസിഡന്റ് എസ് ശേഖരൻ ഉദ്ഘാടനം ചെയ്തു. മത്സരത്തിൽ റോയൽ സംഗമം ഒന്നാം സ്ഥാനവും ടൈറ്റൻസ് രണ്ടാം സ്ഥാനവും നേടി.

സഹകരണ സംഘം തെരഞ്ഞെടുപ്പ്; സിപിഐ എം പാനലിന് എതിരില്ല

വിളപ്പിൽ

എം രാജേന്ദ്രൻ (പ്രസിഡന്റ്)

വെള്ളനാട് റൂറൽ ഹൗസിങ് സഹകരണ സംഘം തെരഞ്ഞെടുപ്പിൽ സിപിഐ എം പാനലിന് എതിരില്ലാതെ വിജയം. എം രാജേന്ദ്രൻ, എസ് മോഹനൻ, കെ എസ് കിഷോർ കുമാർ, ജി ശ്രീനാഥ്, എസ് രാജേന്ദ്രൻ, കെ ബി പ്രീത, പി വി അഞ്ജു, ആരാധന വാസുദേവൻ, ജി നാണുക്കുട്ടൻ എന്നിവരാണ് ഭരണസമിതി അംഗങ്ങൾ. സിപിഐ എം വിളപ്പിൽ ഏരിയ കമ്മിറ്റി അംഗം എം രാജേന്ദ്രനെ പ്രസിഡന്റായി തെരഞ്ഞെടുത്തു.

ലഹരിമരുന്ന് കടത്ത് സംഘത്തിലെ പ്രധാനി അറസ്റ്റിൽ

കിളിമാനൂർ

അൽ അമീൻ

എംഡിഎംഎ കേരളത്തിലേക്കെത്തിക്കുന്നവരിൽ പ്രധാനി അറസ്റ്റിൽ. നാവായിക്കുളം 28–ാം മൈൽ ചരുവിള വീട്ടിൽ അൽ അമീൻ (26) ആണ് അറസ്റ്റിലായത്. ഇയാളെ റിമാൻഡ് ചെയ്തു. ഇയാൾ ലഹരി വസ്തുക്കൾ പതിവായി വിൽപ്പനയ്ക്കെത്തിച്ച് കൊടുത്തിരുന്ന നാവായിക്കുളം സ്വദേശി അഖിൽ കൃഷ്ണനെ ലഹരി വസ്തുക്കളുമായി 10 മാസം മുൻപ് പള്ളിക്കൽ പൊലീസ് അറസ്റ്റ് ചെയ്തിരുന്നു. തുടരന്വേഷണത്തിലാണ് അൽ അമീനെക്കുറിച്ചുള്ള സൂചനകൾ ലഭിച്ചത്. ബംഗളൂരുവിൽനിന്നാണ് ഇയാൾ ലഹരി മരുന്ന് കേരളത്തിലേക്കെത്തിച്ചിരുന്നതെന്ന് പൊലീസ് പറഞ്ഞു.

പള്ളിക്കൽ എസ്എച്ച്ഒ വി കെ ശ്രീജേഷ്, എസ് ഐ സഹിൽ, ബിജു, ബിജുകുമാർ, വിനീഷ്, സുനിൽ രാജ് എന്നിവരാണ് അറസ്റ്റുചെയ്തത്.

പോക്സോ കേസ് പ്രതിക്ക് 6 വർഷം തടവും പിഴയും

വർക്കല

പോക്സോ കേസിൽ പ്രതിക്ക് ആറുവർഷത്തെ തടവിന് ശിക്ഷിച്ച് വർക്കല അതിവേഗ കോടതി. കായിക്കര മൂലൈത്തോട്ടം കടപ്പുറം വീട്ടിൽ എസ് പി എന്നപേരിൽ അറിയപ്പെടുന്ന സുദർശൻ (61) ആണ് ആറു വർഷത്തെ തടവും 30,000 രൂപ പിഴയും ശിക്ഷയായി വർക്കല അതിവേഗ പ്രത്യേക കോടതി ജഡ്ജി ആർ രേഖ വിധിച്ചത്. പിഴത്തുക അതിജീവിതയ്ക്ക് നൽകാനും കോടതി വധിച്ചു.

വീട്ടിൽ അതിക്രമിച്ച് കയറിയതിന് ഇന്ത്യൻ ശിക്ഷാ നിയമം പ്രകാരം രണ്ട് വർഷം തടവും 5000 രൂപ പിഴയും കുട്ടികളോടുള്ള അതിക്രമം തടയൽ നിയമപ്രകാരം നാല് വർഷം തടവും 25,000 രൂപ പിഴയുമാണ് ശിക്ഷ. രണ്ടു ശിക്ഷയും ഒരുമിച്ചനുഭവിച്ചാൽ മതിയെന്നതിനാൽ പ്രതിക്ക് ആറ് വർഷത്തെ തടവും പിഴയുമാണ് അനുഭവിക്കേണ്ടത്. പിഴ ഒടുക്കാതിരുന്നാൽ നാല് മാസത്തെ അധികം തടവും ലഭിക്കും. സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ പി ഹേമചന്ദ്രൻ നായർ, ശാലിനി, ദിവ്യ എന്നിവർ അതിജീവിതയ്ക്കായി ഹാജരായി.

വിതുര ഫെസ്റ്റിൽ സംഘടിപ്പിച്ച സ്ത്രീ ശാക്തീകരണവും സംരംഭങ്ങളും കുടുംബശ്രീ പ്രസ്ഥാനത്തിലൂടെ എന്ന സെമിനാർ അഡ്വ. സരിത ഷൗക്കത്തലി ഉദ്ഘാടനം ചെയ്യുന്നു

വിതുര ഫെസ്റ്റിൽ സെമിനാർ

വിതുര

വിതുര ഫെസ്റ്റിൽ സംഘടിപ്പിച്ച സെമിനാർ പബ്ലിക് പ്രോസിക്യൂട്ടർ സരിത ഷൗക്കത്തലി ഉദ്ഘാടനം ചെയ്തു. സ്ത്രീശാക്തീകരണവും സംരംഭങ്ങളും കുടുംബശ്രീ പ്രസ്ഥാനത്തിലൂടെ എന്ന വിഷയത്തിലായിരുന്നു സെമിനാർ. മഞ്ജുഷ ജി ആനന്ദ് അധ്യക്ഷയായി. എസ് എൽ കൃഷ്ണകുമാരി, വി ടി രമ, നീതു രാജീവ്, ലൗലി, വത്സല, സിന്ധു, ഷാജിത അൻഷാദ് തുടങ്ങിയവർ സംസാരിച്ചു.

ശനി ഫെസ്റ്റിൽ, കൃഷി ജീവിതം; ഗ്രാമതല ചർച്ച, കാർഷിക പുരസ്കാര വിതരണം. അഞ്ച് കർഷകർക്ക് ക്യാഷ് അവാർഡ് വിതരണം, 20 കർഷകർക്ക് ആദരം എന്നീ ചടങ്ങുകൾ നടക്കും.

യുവധാര ലിറ്ററേച്ചർ ഫെസ്റ്റിവലിന് നാളെ തുടക്കം

തിരുവനന്തപുരം

യുവധാര ജില്ലാതല യൂത്ത് ലിറ്ററേച്ചർ ഫെസ്റ്റിവലിന് ഞായറാഴ്ച തുടക്കമാകും. രാവിലെ പത്തിന് തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ പ്രമോദ് പയ്യന്നൂർ ഉദ്ഘാടനം ചെയ്യും. 19 ബ്ലോക്ക് കേന്ദ്രങ്ങളിൽ നടന്ന ഫെസ്റ്റിവലിലെ ജേതാക്കൾ പങ്കെടുക്കും. ഞായർ, തിങ്കൾ ദിവസങ്ങളിലാണ് ഫെസ്റ്റിവൽ.

കഥാരചന, കവിതാരചന, ഉപന്യാസം, കവിതാലാപനം, നാടൻ പാട്ട്, ക്വിസ് മത്സരം, പ്രസംഗം എന്നിവയുണ്ടാകും. മ്യൂസിക് ബാന്റ്, തെരുവുനാടകം, നാടൻ പാട്ട് എന്നിവയ്ക്ക് ശനി രാത്രി എട്ട് വരെ നേരിട്ട് രജിസ്റ്റർ ചെയ്യാം. ഫോൺ: 9961064791, 8606392312.

കുഴൽപ്പണം പിടികൂടി

പാറശാല

രേഖകളില്ലാതെ സ്വകാര്യ ബസിൽ കൊണ്ടുവന്ന കുഴൽപ്പണം എക്സൈസ് സംഘം പിടികൂടി. വ്യാഴം രാവിലെ 8.15 ന് അമരവിള എക്സൈസ് റേഞ്ച് ഇൻസ്പെക്ടർ വി എ വിനോജും സംഘവും ദേശീയപാതയിൽ പരശുവയ്ക്കലിന് സമീപം വാഹനപരിശോധന നടത്തവേയാണ് 22,00,000 രൂപ പിടികൂടിയത്. ചെന്നൈയിൽനിന്ന് തിരുവനന്തപുരത്തേക്ക് വരികയായിരുന്ന എൻഎൽ 01 ബി 5005 എന്ന നമ്പരിലുള്ള ബസിൽനിന്നാണ് പണം കണ്ടെത്തിയത്. സംഭവത്തിൽ തമിഴ്നാട് രാമനാഥപുരം മുതുകുളത്തൂർ കണ്ണെത്താം മണലൂർ മേലകണ്ണിശ്ശേരി 2/180 നമ്പർ വീട്ടിൽ രാജ പ്രവീൺ കുമാർ (24) നെ കസ്റ്റഡിയിലെടുത്തു. തുടർനടപടികൾക്കായി പാറശാല പൊലീസിന് കൈമാറി.

പള്ളിച്ചൽ പഞ്ചായത്തിലെ ലൈഫ് ഗുണഭോക്താവായ വാസന്തിക്ക് പ്രസിഡന്റ് ടി മല്ലിക താക്കോൽ കൈമാറുന്നു

പാറശാല ചെറുവാരക്കോണം വാർഡിൽ പണികഴിപ്പിച്ച വീടിന്റെ താക്കോൽ സി കെ ഹരീന്ദ്രൻ എംഎൽഎ കൈമാറുന്നു

ലൈഫ് മിഷൻ ഗുണഭോക്തൃ സംഗമവും താക്കോൽ കൈമാറലും

നേമം

സംസ്ഥാന സർക്കാരിന്റെ രണ്ടാം വാർഷികം 100 ദിന കർമപരിപാടിയിൽ ബാലരാമപുരം പഞ്ചായത്തിലെ ലൈഫ് ഗുണഭോക്തൃസംഗമവും താക്കോൽ വിതരണവും നടന്നു. നേമം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എസ് കെ പ്രീജ ഉദ്ഘാടനംചെയ്തു. പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഷാമിലാബീവി അധ്യക്ഷയായി. പഞ്ചായത്ത് പ്രസിഡന്റ് വി മോഹനൻ, രജിത്ത്കുമാർ, ഫ്രെഡറിക് ഷാജി, അനിത, ആർ എസ് വസന്തകുമരി, എം ബി അഖില, പ്രസാദ്, സുനിൽകുമാർ, ആശ, ഷിജു ഏലിയാസ് എന്നിവർ സംസാരിച്ചു.

പള്ളിച്ചൽ പഞ്ചായത്തിൽ പ്രസിഡന്റ് ടി മല്ലിക ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് ബി ശശികല അധ്യക്ഷയായി. വി വിജയൻ, സി ആർ സുനു, പെരിങ്ങമ്മല വിജയൻ, അനുശ്രീ, ഷീജ, കെ വി സുരേഷ് എന്നിവർ സംസാരിച്ചു.

പാറശാല

സംസ്ഥാന സർക്കാരിന്റെ രണ്ടാം വാർഷികം നൂറ് ദിനകർമപരിപാടി കാലയളവിൽ ലൈഫ് ഭവന പദ്ധതി പ്രകാരം പാറശാല പഞ്ചായത്തിലെ ചെറുവാരക്കോണം വാർഡിൽ പണികഴിപ്പിച്ച വീടിന്റെ താക്കോൽ സി കെ ഹരീന്ദ്രൻ എംഎൽഎ കൈമാറി. വിജയലത –സെൽവരാജ് ദമ്പതികളുടെ ഗൃഹപ്രവേശമാണ് ഇതോടനുബന്ധിച്ച് നടന്നത്. പഞ്ചായത്ത് പ്രസിഡന്റ് എൽ മഞ്ജുസ്മിത അധ്യക്ഷയായി. വൈസ് പ്രസിഡന്റ് ആർ ബിജു, എൽ വിനിതകുമാരി, സുധാറാണി, ബി കെ കൃഷ്ണകുമാർ, വി ഒ മിനിമോൾ, ജെയിംസ് തുടങ്ങിയവർ സംസാരിച്ചു.

ബാലരാമപുരം പഞ്ചായത്തിലെ ലൈഫ് ഗുണഭോക്താവായ അംബികയ്ക്ക് നേമം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എസ് കെ പ്രീജയും പഞ്ചായത്ത് പ്രസിഡന്റ് വി മോഹനനും ചേർന്ന് താക്കോൽ കൈമാറുന്നു

ക്ലബ് വാർഷികം

നേമം

താന്നിവിള ഫ്രണ്ട്സ് ക്ലബ്ബിന്റെ 54–ാം വാർഷികവും മെയ്ദിനാചരണവും ഡിവൈഎഫ്ഐ ജില്ലാ സെക്രട്ടറി ഷിജൂഖാൻ ഉദ്ഘാടനം ചെയ്തു. ശിവപ്രസാദ് അധ്യക്ഷനായി. സിപിഐ എം ഏരിയ കമ്മിറ്റി അംഗങ്ങളായ പി ടൈറ്റസ്, ടി മല്ലിക, ലോക്കൽ സെക്രട്ടറി എസ് ശ്രീകണ്ഠൻ, ബാലരാമപുരം ശശി, വിശ്വമിത്ര വിജയൻ, വടക്കേവിള രാജൻ, ആർ യു പ്രസാദ്, സുരേഷ് സദ്ഗമയ എന്നിവർ സംസാരിച്ചു.

തിരുവനന്തപുരം

കൈരളി
- 2018 (11.00, 2.30, 6.15, 9.15, 11.59)

ശ്രീ
- പാച്ചുവും അത്ഭുതവിളക്കും (11.00, 2.30, 6.00, 9.30)

നിള
- പൊന്നിയിൻ സെൽവൻ 2 (T) (11.00)
- പൊന്നിയിൻ സെൽവൻ 2 (M) (2.30, 6.00, 9.30)

കലാഭവൻ
- പൊന്നിയിൻ സെൽവൻ 2 (11.00, 9.30)
- പാച്ചുവും അത്ഭുതവിളക്കും (2.30, 6.00)

ലെനിൻ സിനിമാസ്
- നീലവെളിച്ചം (4.00, 9.00)
- ബി32 – 44 (11.30)
- EVIL DEAD RISE (2.00, 7.00, 11.30)

അജന്ത
- പൊന്നിയിൻ സെൽവൻ 2 (6.30, 10.00)
- അനുരാഗം (11.30, 2.30)

ഏരീസ് പ്ലക്സ് എസ്എൽ സിനിമാസ്

ഓഡി 1
- EVIL DEAD RISE (10..30)
- KISI KI BHAI KISI KI JAAN (H) (12.45)
- നീലവെളിച്ചം (4.00, 7.15, 10.30)

ഓഡി 2
- മദനോത്സവം (11.15, 2.00, 4.45, 7.45, 10.55)

ഓഡി 3
- യാനി മുഗുതാൻ (12.15)
- അടി (2.45, 8.00)
- കായ്പോള (5.30)
- യാതിസായ് (10.45)

ഓഡി 4
- സുലേഖ മൻസിൽ (10.30)
- അയൽവാശി (1.00, 3.15, 8.30, 11.00)
- കഠിനകഠോരം (5.45)

ഓഡി 5
- നീലവെളിച്ചം (11.15)
- കഠിനകഠോരം (2.15, 10.15)
- KISI KI BHAI KISI KI JAAN (H) (5.00)
- EVIL DEAD RISE (8.00)

ഓഡി 6
- കഠിനകഠോരം (10.30)
- EVIL DEAD RISE (1.00, 5.30)
- സുലേഖാ മൻസിൽ (3.00, 7.45, 10.30)

നെടുമങ്ങാട്

റാണി ടാക്കീസ്

സ്ക്രീൻ 1
- 2018 (11.00, 2.30, 6.00, 9.30)

സ്ക്രീൻ 2
- പൊന്നിയിൻ സെൽവൻ 2 (11.00, 230, 6.00, 9.30)

കാട്ടാക്കട

എസ് എൽ സിനിമാസ്

സ്വരം
- 2018 (11.15, 2.30, 6.15, 9.15)

ലയം
- പൊന്നിയിൻ സെൽവൻ 2 (11.30, 2.30, 6.30, 9.30)

ശ്രീ കാളിദാസ് (9562404499)

ഓഡി 1
- 2018(4 ഷോ)

ഓഡി 2
- പൊന്നിയിൻ സെൽവൻ 2 (4 ഷോ)

ഓഡി 3
- പൊന്നിയിൻ സെൽവൻ 2 (4 ഷോ)

ഓഡി 4
- കേരള സ്റ്റോറി 2 (11.00, 9.30)

ഓഡി 5
- വിരുപക്ഷ (6.15? 9.30)
- മദനോത്സവം (6.15,9.30)

ഓഡി 6
- പാച്ചുവും അത്ഭുതവിളക്കും (4 ഷോ)

സിപിഐ എം കോവളം ഏരിയ കമ്മിറ്റി ഓഫീസ് നിർമാണത്തിനുള്ള ഫണ്ട് ജില്ലാ സെക്രട്ടറി വി ജോയി ഏറ്റുവാങ്ങുന്നു

കെട്ടിടനിർമാണ ഫണ്ട് ഏറ്റുവാങ്ങി

കോവളം

സിപിഐ എം കോവളം ഏരിയ കമ്മിറ്റി ഓഫീസ് നിർമാണത്തിനായി ബഹുജനങ്ങളിൽനിന്നും ശേഖരിച്ച ഫണ്ട് ജില്ലാ സെക്രട്ടറി വി ജോയി ഏറ്റുവാങ്ങി.

കോവളം ഏരിയ സെക്രട്ടറി പി എസ് ഹരികുമാർ, കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ് ചെയർമാൻ പുല്ലുവിള സ്റ്റാൻലി തുടങ്ങിയവർ പങ്കെടുത്തു. വിഴിഞ്ഞം കല്ലുവെട്ടാൻകുഴിയിൽ ബൈപാസിന് സമീപമാണ് കെട്ടിടം.

മെഡിക്കൽ ക്യാമ്പ് ഇന്ന്

വർക്കല

ശിവഗിരി എസ്എൻ മെഡിക്കൽ മിഷൻ ആശുപത്രിയിൽ ശനി 9 മുതൽ ഗർഭാശയ രോഗ നിർണയ ക്യാമ്പ് നടക്കും. ഫോൺ: 9400050200.

വിവിധ പാർടികളിൽനിന്ന് സിപിഐ എമ്മിലേക്ക് എത്തിയവർക്കു നൽകിയ സ്വീകരണം

സ്വീകരണം നൽകി

വെള്ളറട

സിപിഐ എമ്മുമായി സഹകരിച്ചു പ്രവർത്തിക്കാനായി ബിജെപി, കോൺഗ്രസ് പാർടികളിൽ നിന്ന് വന്നവർക്ക് സ്വീകരണം നൽകി. അമ്പൂരി ചീനിക്കാലയിലെ ബിജെപി, കോൺഗ്രസ് പ്രവർത്തകരായിരുന്ന കൃഷ്ണൻകുട്ടി, മോഹൻകുമാർ, സുദർശൻ എന്നിവർക്കാണ് സ്വീകരണം നൽകിയത്.

സിപിഐ എം വെള്ളറട ഏരിയ കമ്മറ്റി അംഗം കുടപ്പനമൂട് ബാദുഷ, അമ്പൂരി ലോക്കൽ സെക്രട്ടറി കണ്ണനല്ലൂർ ബിനു, കുട്ടമല നിതിൻ, കണ്ടംതിട്ട സുരേഷ്, കൊണ്ടകെട്ടി സുരേന്ദ്രൻ എന്നിവർ സംസാരിച്ചു.

ഒഴിവ്

വെള്ളറട

ആര്യൻകോട് പഞ്ചായത്തിൽ വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് വിവരശേഖരണത്തിനും ഡാറ്റാ എൻട്രിക്കും സ്റ്റാഫിനെ നിയമിക്കുന്നു. യോഗ്യതാ സർട്ടിഫിക്കറ്റുകളും ബയോഡേറ്റയുമായി 15നകം പഞ്ചായത്ത് ഓഫീസിൽ അപേക്ഷിക്കാം.

മുഖ്യമന്ത്രിയുടെ ചിത്രം കൈമാറി; ഫാരിസിന് ഇത് സന്തോഷ നിമിഷം

കിളിമാനൂർ

പ്ലസ് വൺ വിദ്യാർഥിയും യുവചിത്രകാരനുമായ മുഹമ്മദ് ഫാരിസ് മുജീബ് തന്റെ ഏറ്റവും വലിയ ആഗ്രഹം സഫലമായതിന്റെ സന്തോഷത്തിലാണ്. താൻ വരച്ച മുഖ്യമന്ത്രി പിണറായി വിജയന്റെ ചിത്രം അദ്ദേഹത്തിന് നേരിട്ട് കൈമാറണമെന്നത് ഫാരിസിന്റെ ഏറ്റവും വലിയ ആഗ്രഹങ്ങളിൽ ഒന്നായിരുന്നു. കിളിമാനൂരിൽ എൽഡിഎഫ് സംഘടിപ്പിച്ച പൊതുയോഗത്തിൽ പങ്കെടുത്ത് ഫാരിസ് ആ ആഗ്രഹം സഫലമാക്കി.

നേരത്തെ മന്ത്രിമാരായ വി ശിവൻകുട്ടി, ആർ ബിന്ദു എന്നിവരെയും ബി സത്യൻ, സംഗീത സംവിധായകൻ കൈലാസ്, നഞ്ചിയമ്മ എന്നിവരുടെയും ചിത്രം വരച്ച് നേരിട്ട് കൊടുത്തിട്ടുണ്ട് ഫാരിസ്. കൂടാതെ, മുൻ രാഷ്ട്രപതി ഡോ. എ പി ജെ അബ്ദുൽ കലാം, ശിൽപ്പി ഡാവിഞ്ചി സുരേഷ്, വ്യവസായി എം എ യൂസഫ് അലി, സിനിമാതാരങ്ങളായ മമ്മൂട്ടി, മോഹൻലാൽ, വിജയ്, സൂര്യ, ദുൽഖർ സൽമാൻ, ഹൃതിക് റോഷൻ, യാഷ്, സംവിധായകൻ ലാൽജോസ്, ഗായിക ശ്രേയ ഘോഷാൽ, ക്രിക്കറ്റ് താരങ്ങളായ സച്ചിൻ ടെൻഡുൽക്കർ, മഹേന്ദ്രസിങ് ധോണി തുടങ്ങിയവരെയെല്ലാം ഫാരിസ് തന്റെ ക്യാൻവാസിലാക്കിയിട്ടുണ്ട്.

കിളിമാനൂർ ഗവ ഹയർസെക്കൻഡറി സ്കൂളിലെ പ്ലസ് വൺ വിദ്യാർഥിയായ ഫാരിസിന് രാജാരവിവർമ്മയുടെ നാട്ടിൽനിന്നും ലോകമറിയുന്ന മറ്റൊരു ചിത്രകാരനായി തീരണമെന്നതാണ് ആഗ്രഹം. അതിന് പൂർണപിന്തുണയുമായി പിതാവ് മുജീബ്, മാതാവ് ഷിജി, സഹോദരി ഫർഹ എന്നിവരും ഫാരിസിനൊപ്പമുണ്ട്.

ഫാരിസ് വരച്ച ചിത്രം മുഖ്യമന്ത്രി പിണറായി വിജയന് കൈമാറുന്നു